ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 04.02.2026**

## പ്രധാനവാർത്തകൾ

1. വിവിധ വിഷയങ്ങൾ ഉന്നയിച്ചുള്ള പ്രതിപക്ഷ പ്രതിഷേധത്തിൽ ലോക്സഭ ഇന്നും പ്രക്ഷുബ്ധം. ഇന്ത്യ-അമേരിക്ക വ്യാപാര കരാർ സംബന്ധിച്ച പ്രസ്താവന കേന്ദ്ര മന്ത്രി പിയുഷ് ഗോയൽ സഭയിൽ അവതരിപ്പിച്ചു.
2. ശബരിമല സ്വർണഅപഹരണക്കേസിനെ ചൊല്ലിയുള്ള ബഹളത്തിൽ നിയമസഭ ബഹിഷ്കരിച്ച് പ്രതിപക്ഷം. ബജറ്റിന്മേലുള്ള ചർച്ച സഭയിൽ പുരോഗമിക്കുന്നു.
3. തിരുവനന്തപുരം കിഴക്കേക്കോട്ടയിൽ കെ.എസ്.ആർ.ടി.സി ആശുപത്രി തുടങ്ങുമെന്ന് മന്ത്രി കെ.ബി.ഗണേഷ്കുമാർ. പാവപ്പെട്ട രോഗികൾക്ക് കുറഞ്ഞ നിരക്കിൽ ഡയാലിസസിനുള്ള സൗകര്യവും ഒരുക്കും.
4. വയോജന ക്ഷേമം ഉറപ്പാക്കാൻ ആരംഭിച്ച വയോമിത്രം പദ്ധതി എല്ലാം ബ്ലോക്ക് പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുമെന്ന് മന്ത്രി ആർ.ബിന്ദു.
5. കേരള അന്തർദേശീയ ഫോക് ലോർ ഫെസ്റ്റിവലിന് നാളെ തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം നിർവഹിക്കും.

RNU TVPM

6. **സന്തോഷ് ട്രോഫി ഫുട്ബോൾ സെമിഫൈനൽ മത്സരങ്ങൾ നാളെ. കേരളം പഞ്ചാബിനെയും, സർവീസസ് - റയിൽവേയ്സിനെ നേരിടും.**

☸☸☸☸☸☸☸☸☸☸☸☸☸

## പാർലമെൻറ്

വിവിധ വിഷയങ്ങൾ ഉന്നയിച്ചുള്ള പ്രതിപക്ഷ ബഹളത്തിൽ ലോക്സഭ ഇന്നും പ്രക്ഷുബ്ധം. 11 മണിക്കാരംഭിച്ച സഭ ബഹളത്തെ തുടർന്ന് 12 മണിവരെ നിർത്തിവച്ചു. സഭ പുനരാരംഭിച്ചപ്പോൾ കേന്ദ്ര വാണിജ്യ മന്ത്രി പിയുഷ് ഗോയൽ ഇന്ത്യ അമേരിക്ക വ്യാപാര കരാർ സംബന്ധിച്ച് പ്രസ്താവന അവതരിപ്പിച്ചു. പ്രതിപക്ഷ ബഹളം തുടർന്നതോടെ സഭ 2 മണിവരെ നിർത്തിവച്ചു. രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയ ചർച്ച പാർലമെൻറിൽ ഇരു സഭകളിലും ഇന്നും തുടരും. രാജ്യസഭയിൽ നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

## നിയമസഭ (ഇൻട്രോ)

നിയമസഭയിൽ ഇന്നും പ്രതിപക്ഷ ബഹളം. ശബരിമല സ്വർണഅപഹരണക്കേസ് വീണ്ടും ഉന്നയിച്ച് പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു. ബജറ്റിന്മേലുള്ള ചർച്ച സഭയിൽ പുരോഗമിക്കുകയാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ **സ്മിതി എം പള്ളുരുത്തി.......**

(വോയിസ്)

☸☸☸☸☸☸☸☸☸☸☸☸☸

## മുഖ്യമന്ത്രി -നിയമസഭ

കേരളത്തിന് അനിവാര്യമായ ആവശ്യങ്ങൾ കേന്ദ്രം ഉടൻ അംഗീകരിക്കണമെന്നുള്ള പ്രമേയം മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ അവതരിപ്പിച്ചു. കേന്ദ്ര ബജറ്റിൽ കേരളത്തിൻറെ പല ആവശ്യങ്ങളും പരിഗണിച്ചില്ലെന്നും പ്രമേയത്തിൽ പറയുന്നു.

## കെ.ബി.ഗണേഷ് കുമാർ

തിരുവനന്തപുരം കിഴക്കേക്കോട്ടയിൽ കെ. എസ് ആർ ടി സി ആശുപത്രി തുടങ്ങുമെന്ന് മന്ത്രി കെ.ബി.ഗണേഷ്കുമാർ. പാവപ്പെട്ട രോഗികൾക്ക് കുറഞ്ഞ നിരക്കിൽ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുമെന്ന് അദ്ദേഹം നിയമസഭയിൽ അറിയിച്ചു. കെ എസ് ആർ ടി സി ജീവനക്കാർക്ക് മാത്രമല്ല മറ്റുള്ളവർക്കും ഈ സൗകര്യം ഉപയോഗപ്പെടുത്താം. എല്ലാ മരുന്നുകളും ന്യായ വിലയ്ക്ക് ആശുപത്രി ഫാർമസിയിൽ നിന്ന് ലഭ്യമാക്കുമെന്നും മന്ത്രി അറിയിച്ചു.

PNU TVPM

## ആർ.ബിന്ദു (INTRO)

സംസ്ഥാനത്ത് വയോമിത്രം പദ്ധതി വിജയകരമായി നടപ്പാക്കി വരുന്നതായി മന്ത്രി ആർ.ബിന്ദു നിയമസഭയിൽ അറിയിച്ചു. വയോമിത്രം പദ്ധതി എല്ലാം ബ്ലോക്ക് പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പരിഗണിച്ചു വരികയാണ്. എല്ലാ വയോജനങ്ങൾക്കും

പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാനുള്ള സാധ്യതയും പരിശോധിച്ച് വരുന്നതായി മന്ത്രി പറഞ്ഞു. വയോജനങ്ങളും യുവജനങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്താനും പദ്ധതി ആവിഷ്ക്കരിക്കുമെന്ന് മന്ത്രി പറഞ്ഞു.

(വോയിസ്)

✵✵✵✵✵✵✵✵✵✵✵✵✵

## <u>വി.അബ്ദു റഹ്മാൻ</u>

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഒന്ന് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി നടപ്പാക്കുന്ന മാർഗ ദീപം പ്രീ മെട്രിക് സ്കോളർഷിപ്പ് പദ്ധതിയിലൂടെ ഈ വർഷം 18.84 കോടി രൂപ വിനിയോഗിച്ചതായി മന്ത്രി വി.അബ്ദു റഹ്മാൻ നിയമസഭയിൽ പറഞ്ഞു. 2024-25 സാമ്പത്തിക വർഷത്തിൽ പദ്ധതിയ്ക്കായി 20 കോടി രൂപയായിരുന്ന ബജറ്റ് വിഹിതം 2026-27 ൽ 22 കോടിയായി വർധിപ്പിച്ചെന്നും മന്ത്രി അറിയിച്ചു.

RNU TVPM

✵✵✵✵✵✵✵✵✵✵✵✵✵

## <u>സജി ചെറിയാൻ</u>

കേരള അന്തർദേശീയ ഫോക് ലോർ ഫെസ്റ്റിവലിന് നാളെ തിരുവനന്തപുരത്ത് തുടക്കമാകുമെന്ന് മന്ത്രി സജി ചെറിയാൻ. ഈ മാസം 9 വരെയാണ് ഫെസ്റ്റ്. തൈക്കാട് പൊലീസ് പരേഡ് മൈതാനത്തു നടക്കുന്ന ഫെസ്റ്റ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കരകൗശല ഉത്പന്നങ്ങളുടെ പ്രദർശനവും കലാ പരിപാടികളും, ഭക്ഷണ മേളയും ഫെസ്റ്റിന്റെ ഭാഗമായി നടക്കും. പത്തോളം വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഫോക് കലാകാരൻമാർ ഫെസ്റ്റിൽ പങ്കെടുക്കും.

✵✵✵✵✵✵✵✵✵✵✵✵✵

## പ്രധാനമന്ത്രി - പരീക്ഷ പേ ചർച്ച

വെള്ളിയാഴ്ച നടക്കുന്ന പരീക്ഷ പേ ചർച്ച പരിപാടി കാണാൻ പൗരന്മാരോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാജ്യത്തെ യുവജനങ്ങളുമായി സംവദിക്കുന്നത് ഉന്മേഷദായകമാണെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. സമ്മർദ്ദമില്ലാതെ പരീക്ഷകളെ നേരിടേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം എടുത്തു പറഞ്ഞു.

## രാഷ്ട്രപതി - ഒഡീഷ സന്ദർശനം

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ആറുദിവസത്തെ ഒഡിഷ സന്ദർശനം പുരോഗമിക്കുന്നു. സന്ദർശനത്തിന്റെ മൂന്നാം ദിവസമായ ഇന്ന് രാഷ്ട്രപതി പുരിയിലെ ശ്രീ ജഗന്നാഥ ക്ഷേത്രത്തിൽ ദർശനം നടത്തി. തുടർന്ന് തന്റെ ജന്മനാടായ മയൂർഭഞ്ച് ജില്ലയിലെ റായ് രംഗ്പൂരിലെ വിവിധ പരിപാടികളിൽ രാഷ്ട്രപതി പങ്കെടുക്കും. മഹുൽദിഹിയിൽ ഗോത്രവർഗ നേതാവ് ഭഞ്ജ്ബീർ സുനറാം സോറന്റെ പ്രതിമ രാഷ്ട്രപതി അനാവരണം ചെയ്യും.

RNU TVPM

## ഡോ.വി.പി.ഗംഗാധരൻ-കാൻസർ ദിനം (ഇൻട്രോ)

അർബുദത്തെക്കുറിച്ചുള്ള അവബോധം വളർത്തുക രോഗനിർണയവും ചികിത്സയും എല്ലാവർക്കും ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളിലൂന്നി ഇന്ന് ലോക കാൻസർ ദിനം . "United by Unique" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

അർബുദം ബാധിച്ചവർ ഒറ്റയ്ക്കല്ലെന്നും രോഗത്തെ അകറ്റാൻ പൂർണ അവബോധത്തോടെ ഒന്നിച്ചു പോരാടണമെന്നും കാൻസർരോഗ വിദഗ്ധനായ DR. വി.പി.ഗംഗാധരൻ ആകാശവാണി വാർത്തകളോട് പറഞ്ഞു.

**( VOICE - BYTE - DOCTOR )**

## ശബരിമല

ശബരിമല സ്വർണ അപഹരണ കേസിൽ മുഖ്യപ്രതി ഉണ്ണികൃഷ്ണൻ പോറ്റിയുടെ ജാമ്യഹർജി വിധിപറയാനായി മാറ്റി. കട്ടിളപ്പാളി കേസിലെ ജാമ്യഹർജിയിലാണ് കൊല്ലം വിജിലൻസ് കോടതിയിൽ വാദം പൂർത്തിയായത്. അതേസമയം വിജിലൻസ് കോടതിയിൽ ഹാജരാക്കിയ ഉണ്ണികൃഷ്ണൻ പോറ്റിയുടെ റിമാൻഡ് 14 ദിവസത്തേക്ക് നീട്ടിയിട്ടുണ്ട്. തിരുവാഭരണം മുൻ കമ്മീഷണർ കെ.എസ്. ബൈജുവിൻ്റെ ജാമ്യഹർജി ഈ മാസം 11 ന് പരിഗണിക്കും. അറസ്റ്റിലായി 90 ദിവസം കഴിഞ്ഞിട്ടും കുറ്റപത്രം സമർപ്പിക്കാത്തതിനാൽ സ്വാഭാവിക ജാമ്യത്തിനായാണ് ബൈജു ഹർജി സമർപ്പിച്ചിട്ടുള്ളത്.

RNU TVPM

## അന്തിമ വോട്ടർപട്ടിക-എസ്.ഐ.ആർ

കേരളത്തിൽ SIR ൻറെ ഭാഗമായുള്ള അന്തിമ വോട്ടർ പട്ടിക ഈ മാസം 21 ന് പ്രസിദ്ധീകരിക്കും. ഇതുവരെ ലഭിച്ച അംഗീകരിക്കപ്പെട്ട അപേക്ഷകൾ ഉൾപ്പെടുത്തിയാകും പട്ടിക പ്രസിദ്ധീകരിക്കുന്നതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. പട്ടികയുമായി ബന്ധപ്പെട്ട അവകാശവാദങ്ങളും പരാതികളും സമർപ്പിക്കാനുള്ള സമയപരിധി

അവസാനിച്ചെങ്കിലും പൊതുജനങ്ങൾക്ക് തുടർന്നും അപേക്ഷകൾ സമർപ്പിക്കാൻ അവസരമുണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

## പ്രത്യേക ചർച്ചകൾ

വിവിധ കേന്ദ്ര പദ്ധതികളെകുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യുന്നു. കേന്ദ്രബജറ്റ് 2026-27 നെ കുറിച്ചുള്ള ചർച്ച ഇന്ന് ഉച്ചയ്ക്ക് 1.45 ന് കേൾക്കാം. ചർച്ചയിൽ സാമ്പത്തിക വിദഗ്ധ പ്രൊഫ. മേരി ജോർജ്ജ് സംസാരിക്കുന്നു.

## സന്തോഷ് ട്രോഫി

സന്തോഷ് ട്രോഫി ഫുട്ബോൾ സെമിഫൈനൽ മത്സരങ്ങൾ നാളെ നടക്കും. സെമിയിൽ കേരളം പഞ്ചാബിനെയും, സർവീസസ്

- റയിൽവേയ്സിനെ നേരിടും.

## അണ്ടർ -19 ക്രിക്കറ്റ്

അണ്ടർ 19 പുരുഷ ഏകദിന ലോകകപ്പ് ക്രിക്കറ്റ് രണ്ടാം സെമിഫൈനലിൽ ഇന്ത്യ ഇന്ന് അഫ്ഗാനിസ്ഥാനെ നേരിടും. സിംബാബ്‌വെ ഹരാരേ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് ഒരു മണിക്ക് മത്സരം ആരംഭിക്കും. ആദ്യ സെമിയിൽ ഓസ്ട്രേലിയയെ പരാജയപ്പെടുത്തി ഇംഗ്ലണ്ട് ഫൈനലിൽ എത്തിയിട്ടുണ്ട്. മറ്റന്നാളാണ് ഫൈനൽ പോരാട്ടം.

RNU TVPM

## കണ്ണൂർ - പക്ഷിപ്പനി

കണ്ണൂർ മാലൂർ പഞ്ചായത്തിലെ തൃക്കടാരിപൊയിലിൽ ചത്ത കാക്കയുടെ സാമ്പിൾ പരിശോധിച്ചതിൽ പക്ഷിപ്പനി സ്ഥിരീകരിച്ചതായി ജില്ലാ മൃഗസംരക്ഷണ ഓഫീസർ. മനുഷ്യരിലേക്ക് പടരാൻ സാധ്യത ഉള്ളതിനാൽ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. ജനുവരി 17 ന് ഇരിട്ടി എടക്കാനത്ത് ചത്ത കാക്കയിൽ പക്ഷിപ്പനി സ്ഥിരീകരിച്ചിരുന്നു.

## സപ്ലൈകോ

സപ്ലൈകോ ശബരി സബ്സിഡി വെളിച്ചെണ്ണയുടെ വിലകുറച്ചു. ലിറ്ററിന് 289 രൂപയാണ് നിർദ്ദേശിച്ചിട്ടുള്ള സബ്സിഡി വില്പന വില. വിപണി വിലവർദ്ധനവ് കണക്കിലെടുത്താണ് ഭക്ഷ്യ പൊതു വിതരണ വകുപ്പിന്റെ നടപടി.

RNU TVPM

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 182 പോയിന്റ് താഴ്ന്ന് 83,549 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 30 പോയിൻറ് കുറഞ്ഞ് 25,697 ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണവില ഗ്രാമിന് 605 രൂപ കൂടി 14,715 രൂപയും പവന് 4,840 രൂപ വർധിച്ച് ഒരു ലക്ഷത്തി 17,720 രൂപയുമാണ് ഇന്നത്തെ വില.